**കേരള എക്സൈസ് വകുപ്പ്.**
**'മാതൃഭാഷ-മലയാളം'**
**എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,കേരള ,തിരുവനന്തപുരം**
**(ഹാജർ:ഋഷിരാജ് സിംഗ് ഐ പിഎസ്)**

വിഷയം: എക്സൈസ്- ജില്ലയിലെ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത ിനായി ജില്ലാ സ്പെഷ്യൽ,സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെ ടുത്തി ഉത്തരവാകുന്നു.

പരാമർശം: 08.02.2019 ലെ സ.ഉ(കൈ)നം.08.2019/നി.വ നമ്പർ സർക്കാർ ഉത്തരവ്.

നമ്പർ. EXC/1629/2019-VIMUKTHI 1 തീയതി:16/04/2019

2018-19 സാമ്പത്തിക വർഷത്തെ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം നടത്തിയതിൽ മിഷന്റെ ജില്ലകളിലെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപെടുത്തുന്നതിന്റെ ആവശ്യകത ഉള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ് .വിമുക്തി മിഷന്റെ ജില്ലാതല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി മിഷൻ കോഓർഡിനേറ്റർ ,ജില്ലാ മാനേജർ എന്നിവരുടെ തസ്തികൾ സൂചന (1) പ്രകാരം സൃഷ്ട്ടിച്ച ഉത്തരവായിട്ടുണ്ടെങ്കിലും പെരുമാറ്റചട്ടം നിലനിക്കുന്നതിനാൽ മേൽ തസ്തികകളിലെ നിയമന നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തെ വിമുക്തി പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ ജില്ലകളിൽ ഏകോപിപ്പിക്കുന്നതിനുവേണ്ടി ജില്ലയിൽ നിന്നും ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്തേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ് . മേൽ സാഹചര്യത്തിൽ സൂചന (1) ഉത്തരവ് പ്രകാരം വിമുക്തി മിഷന്റെ ജില്ലാതല പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി മിഷൻ കോഓർഡിനേറ്റർ ,ജില്ലാ മാനേജർ എന്നിവരുടെ നിയമനം പൂർത്തിയാകുന്നതുവരെ വിമുക്തി മിഷന്റെ ജില്ലാതല പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏകോപിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിനായി ജില്ലാ സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർക്ക ജില്ലാതല പ്രവർത്തനങ്ങളുടെ ചുമതല നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാ സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടറുടെ സഹായത്തിനായി ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഓരോ റേഞ്ചിൽ നിന്നും ഒരു സിവിൽ എക്സൈസ് ഓഫീസറെയും ,ഒരു പ്രിവന്റീവ് ഓഫീസറെയും വീതം മറ്റ്

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വിഘാതം വരാത്ത രീതിയിൽ പ്രസ്തുത റേഞ്ചിലെ വിമുക്തി മിഷന്റെ പ്രവർത്തനങ്ങളെ സമയ ബന്ധിതമായി നിർവ്വഹിക്കുന്നതിനുവേണ്ടി പ്രത്യേകമായി ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മിഷന്റെ പ്രവർത്തനങ്ങളെ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടി മേല്പടി ഉദ്യോഗസ്ഥരും ,ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, അസിസ്റ്റൻ്റ് എക്സൈസ് കമ്മീഷണർ എന്നിവരെയും ,വിമുക്തി മിഷനിലെ ഉന്നത ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു വാട് സ് ആപ്പ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതിനാൽ ഓരോ ജില്ലയിലും മേൽ പ്രകാരം റേഞ്ചുതല ഉദ്യോഗസ്ഥരെ അടിയന്തിരമായി ചുമതലപ്പെടുത്തി വിവരം(ഉദ്യോഗസ്ഥരുടെ പേര്, ബന്ധപ്പെട്ട റേഞ്ച്,വാട് സ് ആപ്പ് ഉള്ള മൊബൈൽ നമ്പർ എന്നിവ)ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഈ ആഫിസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് .കൂടാതെ വിമുക്തി മിഷന്റെ ജില്ലാ ജോയിൻറ് കൺവീനർ കൂടിയായ ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഇപ്രകാരം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് മിഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവാശ്യമായ ഉപദേശ നിർദ്ദേശങ്ങൾ അടിയന്തിര സാഹചര്യത്തിൽ നൽകേണ്ടതാണ് .

Signature valid

Digitally signed by RISHI RAJ SINGH
Date: 2019.04.16 11:17:50 IST
Reason: Approved

**RISHI RAJ SINGH**
**EXCISE COMMISSIONER**

പകർപ്പ്:1)ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാ ജില്ലകളും.

2) സർക്കിൾ ഇൻസ്പെക്ടർ,എക്സൈസ്എൻഫോഴ്സ്മെന്റ് ആൻ്റ്ആൻ്റ് നാർക്കോട്ടിക്ക് സ്പെഷ്യൽ സ്ക്വാഡ്,എല്ലാ ജില്ലകളും..

3) ജോയിന്റ് എക്സൈസ് കമ്മീഷണർ , മേഖല.